II ഗവർണ്ണറുടെ സന്ദേശം

മി. സ്പീക്കർ : ഓർഡർ ..... ഓർഡർ..... കേരള നിയമസഭയുടെ 9.30 A.M.] നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 15-ാം ചട്ടത്തിന്റെ 7-ാം ഉപചട്ടപ്രകാരം ഗവർണ്ണറുടെ മറുപടി സഭയെ അറിയിക്കുന്നു.

'I thank the Tenth Kerala State Legislative Assembly for the Motion of thanks which the Sixteenth Session of the Tenth Kerala Legislative Assembly has adopted on the 22nd February, 2001 on my address to the Kerala State Legislative Assembly on the 15th February, 2001.'

III ചരമോപചാരം

ഒ. ഭരതൻ, കെ.കെ. ചെല്ലപ്പൻപിള്ള, പി.കെ. കൃഷ്ണൻകുട്ടിമേനോൻ, എ.കെ. കാദർകുട്ടി എന്നിവരുടെ നിര്യാണം

മി. സ്പീക്കർ : നിയമസഭാ സാമാജികരായിരുന്ന ഒ. ഭരതൻ, കെ. കെ. ചെല്ലപ്പൻപിള്ള, പി.കെ. കൃഷ്ണൻകുട്ടിമേനോൻ, എ. കെ. കാദർകുട്ടി എന്നിവർ അടുത്തിടെ നിര്യാതരായി.

പ്രമുഖ ട്രേഡ് യൂണിയൻ നേതാവും പ്രഗത്ഭ പാർലമെന്റേറിയനുമായിരുന്ന ഒ. ഭരതന്റെ നിര്യാണ വാർത്ത അതീവ ദു:ഖത്തോടെയാണ് നാം ശ്രവിച്ചത്. ത്യാഗോജ്ജ്വലങ്ങളായ പോരാട്ടങ്ങളിലൂടെ ട്രേഡ് യൂണിയൻ കമ്മ്യൂണിസ്റ്റു പ്രസ്ഥാനങ്ങൾക്ക് കരുത്തു പകർന്ന ഒ. ഭരതന്റെ നിര്യാണം തൊഴിലാളി വർഗ്ഗത്തിനു തീരാനഷ്ടമാണ്. 1956-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സജീവ പ്രവർത്തകനായി അദ്ദേഹം പൊതുപ്രവർത്തന രംഗത്തെത്തി. പാർട്ടിയിലെ ഭിന്നിപ്പിനെ തുടർന്ന് അദ്ദേഹം സി.പി.ഐ.(എം.)-ൽ നിലയുറപ്പിച്ചു. മികച്ച സംഘാടകനായിരുന്ന ഭരതൻ തൊഴിലാളി സംഘടനകൾ കെട്ടിപ്പടുക്കുന്നതിൽ അനിതരസാധാരണമായ പ്രാഗത്ഭ്യമാണ് കാണിച്ചു പോന്നത്. സി.പി.ഐ. (എം.) സംസ്ഥാന കമ്മിറ്റി അംഗം, സി.ഐ.ടി.യു. സ്റ്റേറ്റ് കമ്മിറ്റി സെക്രട്ടറി, സി.ഐ.ടി.യു. അഖിലേന്ത്യാ വർക്കിംഗ് കമ്മിറ്റി അംഗം, അഖിലേന്ത്യാ റോഡ് ട്രാൻസ്പോർട്ട് വർക്കേഴ്സ് ഫെഡറേഷൻ സെക്രട്ടറി, നിരവധി ട്രേഡ് യൂണിയനുകളുടെ ഭാരവാഹി, കോഴിക്കോട്, സർവ്വകലാശാലാ സെനറ്റ് അംഗം, സി.പി.എം. പാർലമെന്ററി പാർട്ടി സെക്രട്ടറി എന്നീ പദവികൾ അദ്ദേഹം വഹിച്ചിട്ടുണ്ട്. ദീർഘ നാളത്തെ ജയിൽ വാസത്തിനും ജയിലിലെ കൊടിയ മർദ്ദനങ്ങൾക്കും പലതവണ അദ്ദേഹം വിധേയനായിട്ടുണ്ട്. 1964-ൽ ഡി.ഐ.ആർ. പ്രകാരം അറസ്റ്റു ചെയ്യപ്പെട്ട് ഒന്നരവർഷം ജയിലിൽ കിടന്നു. അടിയന്തിരാവസ്ഥാക്കാലത്ത് രണ്ടു തവണയായി 16 മാസം കണ്ണൂർ സെൻട്രൽ ജയിലിൽ തടവു ശിക്ഷ അനുഭവിച്ചു. 1982-ൽ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ നിന്നാണ് ആദ്യമായി അദ്ദേഹം നിയമസഭയിലെത്തുന്നത്. തുടർന്ന് 1987-ലും 1991-ലും എടക്കാട് മണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭയിലെത്തി. 1991-ലെ തെരഞ്ഞെടുപ്പ് ഹൈക്കോടതി അസാധുവായി പ്രഖ്യാപിച്ചുവെങ്കിലും, തുടർന്ന് സുപ്രീം കോടതി അദ്ദേഹത്തെ വിജയിയായി പ്രഖ്യാപിക്കുകയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1996-ൽ വടകര നിയോജകമണ്ഡലത്തിൽ നിന്നും ഒ. ഭരതൻ പാർലമെന്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. നിയമസഭയിലായാലും പാർലമെന്റിലായാലും സാധാരണക്കാരുടെയും തൊഴിലാളികളുടെയും ജീവൽപ്രശ്നങ്ങൾ ഉന്നയിക്കാനും അവയ്ക്ക് പരിഹാരം കാണാനും അദ്ദേഹം സദാ ഉത്സുകനായിരുന്നു. അവകാശ സമരങ്ങളിലെ ഒരു മുന്നണി പോരാളിയെയും നിയമനിർമ്മാണവേദിയിലെ സമർത്ഥനായ സാമാജികനെയും ഉന്നതനായ ഒരു ട്രേഡ് യൂണിയൻ നേതാവിനെയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

സ്വാതന്ത്ര്യസമര സേനാനിയും മുൻ നിയമസഭാംഗവുമായ കെ. കെ. ചെല്ലപ്പൻപിള്ള വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ ദേശീയ പ്രസ്ഥാനത്തിലേയ്ക്ക് കടന്നുവന്നു. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിൽ മാവേലിക്കരതാലൂക്ക് പ്രസിഡന്റായിരിക്കെ ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുക്കുകയും ജയിൽവാസം അനുഭവിക്കുകയും ചെയ്തു. കൊല്ലം ഡി.സി.സി. പ്രസിഡന്റ്, കെ.പി.സി.സി. ജനറൽ സെക്രട്ടറി, എ.ഐ.സി.സി. ദക്ഷിണേന്ത്യാ മേഖലാ സെക്രട്ടറി എന്നീ പദവികൾ അദ്ദേഹം വഹിച്ചു. ശ്രീമൂലം അസംബ്ലിയിൽ 1944-47 കാലയളവിൽ മാവേലിക്കര മണ്ഡലത്തിന്റെ പ്രതിനിധിയായിരുന്നു. 1948-ൽ തിരുവിതാംകൂർ നിയമസഭയിലേയ്ക്കും 1949, 1952 എന്നീ വർഷങ്ങളിൽ തിരു-കൊച്ചി നിയമസഭയിലേയ്ക്കും അതേ മണ്ഡലത്തിൽനിന്ന് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ മുൻനിര നേതാക്കളോടൊപ്പം പ്രവർത്തിക്കാൻ അവസരം ലഭിച്ചിട്ടുള്ള ചെല്ലപ്പൻപിള്ള, പാർട്ടിയിലുണ്ടായ പിളർപ്പിനുശേഷം സജീവ രാഷ്ട്രീയത്തിൽനിന്ന് വിട്ടുനിന്നു. കൊല്ലത്തുനിന്ന് പ്രസിദ്ധീകരിച്ചിരുന്ന 'യുവകേരളം' പത്രത്തിന്റെ സ്ഥാപക പത്രാധിപരായിരുന്നു അദ്ദേഹം. നിസ്വാർത്ഥവും ത്യാഗോജ്ജ്വലവുമായ ജീവിതത്തിലൂടെ രാഷ്ട്രീയപ്രവർത്തകർക്ക് അനുകരണീയ മാതൃകയാണ് അദ്ദേഹം സൃഷ്ടിച്ചത്. ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച തലമുറയിലെ അവസാനത്തെ കണ്ണികളിലൊന്നായിരുന്നു ചെല്ലപ്പൻപിള്ള. അദ്ദേഹത്തിന്റെ വിയോഗം ജനാധിപത്യ വിശ്വാസികൾക്ക് ഏറെ ദു:ഖകരമായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

ആദ്യകാല കോൺഗ്രസ്സ് നേതാക്കളിൽ പ്രമുഖനായിരുന്നു പി. കെ. കൃഷ്ണൻകുട്ടി മേനോൻ. 1948-49 കാലത്ത് കൊച്ചിൻ ലെജിസ്ലേറ്റീവ് അസംബ്ലിയിലേക്ക് വെള്ളാരപ്പള്ളി നിയോജകമണ്ഡലത്തിൽ നിന്നാണ് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടത്. . തിരുവിതാംകൂർ-കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിലിന്റെ രൂപീകരണത്തെ തുടർന്ന് 1948 മുതൽ 1952 വരെ അതേ മണ്ഡലത്തെ പ്രതിനിധീകരിച്ചു. സി. കേശവന്റെ നേതൃത്വത്തിലുള്ള തിരു-കൊച്ചി മന്ത്രിസഭയിൽ ആറുമാസക്കാലം മന്ത്രിയായി പ്രവർത്തിച്ചു. ദീർഘകാലം ഫിനാൻഷ്യൽ കോർപ്പറേഷൻ ചെയർമാനായിരുന്നു. കോൺഗ്രസ്സ് സെക്രട്ടറി, എറണാകുളം കരയോഗം പ്രസിഡന്റ്, എറണാകുളം കഥകളി ക്ലബ് പ്രസിഡന്റ് തുടങ്ങിയ നിരവധി സ്ഥാനങ്ങൾ അദ്ദേഹം വഹിച്ചിട്ടുണ്ട്. അഭിഭാഷകൻ, രാഷ്ട്രീയനേതാവ് എന്നീ നിലകളിൽ വ്യക്തിമുദ്രപതിപ്പിച്ചിട്ടുള്ള കൃഷ്ണൻകുട്ടി മേനോന്റെ നിര്യാണത്തോടെ പഴയ തലമുറയിലെ ആദർശശാലികളായ നേതാക്കളിൽ ഒരാളെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പ്രമുഖ വ്യവസായിയും മദ്രാസ് നിയമസഭാംഗവുമായിരുന്ന എ.കെ. കാദർകുട്ടിയുടെ നിര്യാണം വ്യവസായ-സാമൂഹ്യ മേഖലകൾക്ക് തീരാനഷ്ടമാണ്. 1937 മുതൽ 1946 വരെയും 1946 മുതൽ 1951 വരെയും മദ്രാസ് ലെജിസ്ലേറ്റീവ് കൗൺസിലിൽ അദ്ദേഹം മലബാറിലെ കോട്ടയം നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചു. തടിവ്യാപാരത്തിൽ ഏർപ്പെട്ടുകൊണ്ട് രംഗപ്രവേശം ചെയ്ത അദ്ദേഹം വ്യവസായരംഗത്ത് എത്തുന്നത് 1942-ൽ വളപട്ടണത്ത് ബൃഹത്തായ ഒരു ഈർച്ചമിൽ സ്ഥാപിച്ചുകൊണ്ടാണ്. ഏഷ്യയിലെ ഏറ്റവും വലിയ മരാധിഷ്ഠിത യൂണിറ്റായ വളപട്ടണത്തെ വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ്സ്, കാദർകുട്ടിയുടെ ഇച്ഛാശക്തിയുടെയും കർമ്മശേഷിയുടെയും തിളക്കമുള്ള പ്രതീകമാണ്. പ്ലൈവുഡ് വ്യവസായത്തിന്റെ ശില്പിയും അമരക്കാരനുമായിരുന്ന അദ്ദേഹം അനവധി അവാർഡുകൾ കരസ്ഥമാക്കിയിട്ടുണ്ട്. ഹൈദരാബാദിലെ നാഷണൽ അസോസിയേഷൻ ഓഫ് റേഡിയോ എൻസോടോപ്പ്, മേന്മ കുറഞ്ഞ മരങ്ങളെ 'ഗാമാകിരണങ്ങൾ' ഉപയോഗിച്ച് മേന്മകൂടിയതാകുന്ന വിദ്യ കണ്ടുപിടിച്ചതിന് 'വുഡ് വർക്കിംഗ് പയനിയർ' പദവി അദ്ദേഹത്തിന് സമ്മാനിച്ചു. അനുപമമായ സാങ്കേതിക പരിജ്ഞാനത്തിനുടമയായിരുന്ന അദ്ദേഹം കോഴിക്കോട് സർവ്വകലാശാലയുടെ ആദ്യത്തെ ടെക്നോളജി ഫാക്കൽറ്റി ഡീൻ, ചെന്നൈ ഐ.ഐ.ടി., കോഴിക്കോട് ആർ.ഇ.സി. എന്നിവയുടെ ഭരണസമിതിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. വ്യവസായ, വിദ്യാഭ്യാസ, സാമൂഹ്യമണ്ഡലങ്ങളിൽ എ.കെ. കാദർകുട്ടി നൽകിയിട്ടുള്ള സംഭാവനകൾ നിസ്തുലമാണ്. പരേതരോടുള്ള ആദരസൂചകമായി നമുക്ക് അൽപ സമയം മൗനം ആചരിക്കാം.

(പരേതരോടുള്ള ആദര സൂചകമായി സഭാംഗങ്ങൾ എണീറ്റുനിന്ന് ഒരു മിനിട്ട് മൗനം ആചരിച്ചു.)

IV അടിയന്തിരപ്രമേയം

കണ്ണൂർ ജില്ലയിൽ പള്ളിക്കുന്ന്-പാനൂർ മേഖലകളിൽ നടന്ന അക്രമ സംഭവങ്ങൾ

മി. സ്പീക്കർ : ഓർഡർ ..... ഓർഡർ..... കണ്ണൂർ ജില്ലയിലുടനീളം ഉണ്ടായിട്ടുള്ള അക്രമപ്രവർത്തനങ്ങൾ കാരണം അവിടെ നിലനിൽക്കുന്ന ഭീകരാവസ്ഥയുടെ ഫലമായി ജനങ്ങൾ ഭയവിഹ്വലരാണെന്നും അവിടത്തെ ജനജീവിതം സ്തംഭിച്ചിരിക്കുകയാണെന്നും അതേ തുടർന്ന് ഉളവായിട്ടുള്ള സ്ഥിതിവിശേഷത്തെപ്പറ്റി സഭാ നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കെ. സി. ജോസഫ്, കെ. പി. എ. മജീദ്, മാമ്മൻ മത്തായി, ആര്യാടൻ മുഹമ്മദ്, പ്രൊഫ. എ. വി. താമരാക്ഷൻ എന്നീ അംഗങ്ങൾ 50-ാം ചട്ടപ്രകാരം ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി.....

LIBRARY ARCHIVES Kerala Legislative Assembly